(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റീ-സർവെ പ്രവർത്തനങ്ങൾ

6 (*266) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ സർവ്വേ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന റീ-സർവെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) റീസർവെ സമയത്ത് ഹാജരാകാൻ കഴിയാതിരുന്നവർക്ക് റീ-സർവ്വേയിൽ പങ്കെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) റീ-സർവെ പ്രവർത്തനങ്ങൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21-4-1997 ലെ സ.ഉ. (എം.എസ്) 271/97 റവന്യൂ ഉത്തരവിലൂടെ പഴയ രീതിയിലുള്ള റീസർവെ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കുകയും ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ മാത്രം റീസർവെ പുനഃരാരംഭിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ തൃശ്ശൂർ ജില്ലയിൽ വിളപ്പായ വില്ലേജിന്റെ റീസർവെ പൂർത്തിയാക്കിയിട്ടുണ്ട്. അവന്നൂർ വില്ലേജിന്റെ റീസർവെ പുരോഗതിയിലാണ്. കൂടുതൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. അവ ലഭിക്കുന്ന മുറയ്ക്ക് മറ്റു ജില്ലകളിൽ റീസർവെ ആരംഭിക്കുന്നതാണ്. സർവെ മാപ്പുകൾ കംപ്യൂട്ടറൈസ് ചെയ്യുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ കോട്ടയം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, മീനച്ചിൽ എന്നീ താലൂക്കുകളിലേയും, എറണാകുളം ജില്ലയിൽ ആലുവ, കുന്നത്തൂർ എന്നീ താലൂക്കുകളിലേയും സർവെ റിക്കാർഡുകൾ പൂർണ്ണമായും കംപ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പ്രവർത്തനം വളരെ പുരോഗതിയിലാണ്.

(ബി) സംസ്ഥാനത്തിന്റെ ആകെ വിസ്തീർണ്ണം 38.863 ച. കി. മീറ്ററാണ്. ഇതിൽ 23,139.71 ച.കീ. മീറ്ററിൽ റീസർവെ പൂർത്തിയാക്കിയിട്ടുണ്ട്. 903 വില്ലേജുകളിൽ റീസർവെ പ്രവർത്തനം ആരംഭിച്ചതിൽ 790 വില്ലേജുകളിൽ ഫീൽഡ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവയിൽ 670 വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി കഴിഞ്ഞു. 6 താലൂക്കുകളുടെ റീസർവെ റിക്കാർഡുകൾ കംപ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റീസർവെ സമയത്ത് ഹാജരാകാൻ കഴിയാതിരുന്നവർക്ക് റീസർവെയിൽ അപാകതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുവേണ്ടി റിക്കാർഡുകൾ ഫൈനൽ ചെയ്യുന്നതിനു മുൻപായി ബന്ധപ്പെട്ട ഹെഡ് സർവെയർമാർക്ക് പരാതി നൽകി പരിഹാരം കാണാനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ റവന്യൂ ഭരണം നടപ്പാക്കിയ റിക്കാർഡുകളിൽ ഒരു മാസം തുടർച്ചയായി ഏകമാസ അദാലത്തും തുടർന്ന് എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച ഏകദിന അദാലത്തും നടത്തി പരാതികൾ സ്വീകരിച്ചു തീർപ്പാക്കുന്നുണ്ട്. ഈ അവസരം ഉപയോഗപ്പെടുത്താൻ കഴിയാത്തവർക്ക് ജില്ലാസർവെ സൂപ്രണ്ടിനെ സമീപിച്ച് പരാതി നൽകി പരിഹാരം കാണുവാനും സംവിധാനം ഉണ്ട്.

(ഡി) ആധുനിക ഉപകരണങ്ങളുടെ സഹായത്തോടുകൂടി റീസർവെ പ്രവർത്തനങ്ങൾ 12 വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന തരത്തിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. യിലെ കാര്യക്ഷമത

7 (*268) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിലെ കാര്യക്ഷമതയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത എത്ര കണ്ട് വർദ്ധിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.ആർ.ടി.സി. യുടെ ദൈനംദിന ശരാശരി വരുമാനം സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ ദൈനംദിന വരുമാനത്തിൽ എന്തു വർദ്ധനവ് ഉണ്ടാക്കാനായി എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കൂടുതൽ ബസ്സുകൾ നിരത്തിലിറക്കേണ്ടി വരുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ആർ.ടി.സി. യുടെ ട്രിപ്പ് പോകൽ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ബോഡി ബിൽഡിംഗ് സൗകര്യത്തോടെയുള്ള പുതിയ വർക്ക്ഷോപ്പുകൾ ആരംഭിച്ചുവോ ; എങ്കിൽ എവിടെയൊക്കെ ;

(ജി) കെ.എസ്.ആർ.ടി.സി.യിൽ ആശ്രിത നിയമനം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ ഇതിനകം എത്ര ആശ്രിത നിയമനം നടത്തി എന്ന് വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

LIBRARY ARCHIVES Kerala Legislative Assembly